പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1138 06.02.2020-ൽ മറുപടിയ്ക്ക്

# മലയോര ഹൈവേയുടെ പാറശ്ശാല-കടപ്പനമൂട് റീച്ചിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കടപ്പനമൂട്-കള്ളിക്കാട് റീച്ചിൽ നിന്നും കടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ എന്ന ചെയിനേജ് ഒഴിവാക്കേണ്ടി വന്ന സാഹചര്യം എന്താണെന്ന് അറിയിക്കാമോ; | (എ) | നിലവിൽ കടപ്പനമൂട് - കൂട്ടപ്പു- അമ്പൂരി - വാഴിച്ചൽ, കള്ളിക്കാട് വരെ 15.715 കി.മീറ്ററിനു 54.907 കോടിയുടെ സാമ്പത്തിക അനുമതി കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിലവിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനാവശ്യമായ 12 മീറ്റർ സ്ഥലം ലഭ്യമായിട്ടുള്ള വാഴിച്ചൽ മുതൽ കള്ളിക്കാട് വരെ 7.8 കി.മീ. ദൂരത്തിലുള്ള പ്രവൃത്തിക്ക് പാർട്ട് റ്റി.എസ്, നൽകിയാണ് അത്രയും ഭാഗത്തേക്കുള്ള വർക്ക് ടെണ്ടർ ചെയ്തിട്ടുള്ളത്. ബാക്കിയുള്ള കടപ്പനമൂട് - അമ്പൂരി - വാഴിച്ചൽ ഭാഗത്തിന് നിലവിൽ 12 മീറ്റർ വീതി ലഭ്യമല്ല. അതിനാലാണ് കടപ്പനമൂട് - അമ്പൂരി - വാഴിച്ചൽ എന്ന ചെയിനേജ് ടെണ്ടറിൽ നിന്ന് ഒഴിവാക്കേണ്ടിവന്നത്. |
| (ബി) | കടപ്പനമൂടിനെ നെടുമങ്ങാട്-ഷൊർളാക്കോട് സ്റ്റേറ്റ് ഹൈവേയിലൂടെ വാഴിച്ചലിൽ മലയോരഹൈവേയുമായി ബന്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പുതിയ അലൈൻമെന്റിന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടില്ല. |
| (സി) | മലയോര ഹൈവേയുടെ പാറശ്ശാല-കടപ്പനമൂട് റീച്ചിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | നിർമ്മാണ പ്രവർത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ